സർവൈലൻസ്, അധികാരം, ആഖ്യാനം: ആനന്ദിന്റെ ഉത്തരായനം ഒരു പുനർവായന

അജീഷ് ജി. ദത്തൻ

സർവൈലൻസ്, അധികാരം, ആഖ്യാനം: ആനന്ദിന്റെ ഉത്തരായനം ഒരു പുനർവായന

അജീഷ് ജി. ദത്തൻ
(മലയാളം: ലേഖനം)

© 2021, Ajeesh G. Dethan

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeLaTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Children of the Sun, a painting by Hennie Niemann. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

അധികാരത്തെ ആനന്ദ് പലപ്പോഴും തന്റെ കലയുടെ വിഷയമാക്കുന്നത് അതിലെ ആത്മസംഘർഷങ്ങൾ അവതരിപ്പിച്ചുകൊണ്ടായിരുന്നില്ല, സമൂഹത്തിന്റെ തന്നെ രോഗാതുരമായ അവസ്ഥ എന്ന നിലയ്ക്കായിരുന്നു. ആ ദിശയിലെ ആനന്ദിന്റെ ആദ്യകാല രചനയാണ് 'ഉത്തരായനം'. പുതു തലമുറയിലെ ശ്രദ്ധേയനായ സാഹിത്യ നിരൂപകൻ, അജീഷ് ജി. ദത്തൻ, ആനന്ദിന്റെ ഈ കൃതിയെ വീണ്ടും സന്ദർശിക്കുകയാണ് ഈ പഠനത്തിൽ.

യർമാൻ എന്ന കഥാപാത്ര നാമധേയം തന്നെ സവിശേഷം ശ്രദ്ധിക്കുക). നോവലിലെ നായക കഥാപാത്രവും പ്രൊഡക്ഷൻ മാനേജരുമായുള്ള സംഭാഷണം ഇത് വ്യക്തമാക്കുന്നുണ്ട്. 'ഓരോരുത്തനും സ്വയം ചിന്തിക്കുന്ന ഒരു സൈന്യം ഒരിക്കലും ജയിക്കുകയില്ല' എന്ന പ്രൊഡക്ഷൻ മാനേജരുടെ വാക്കുകൾ കമ്പനിയുടെ മറ്റു പ്രവൃത്തികളെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന എല്ലാ ജോലിക്കാർക്കും ഉള്ള ഒരു മറുപടിയാണ്. കാസ്റ്റിങ് ഡിവിഷനിൽ ജോലി ചെയ്യുന്ന നായക കഥാപാത്രത്തിന്റെ അവിടെ ഉള്ള തന്റെ പ്രവർത്തികൾ മാത്രം കൃത്യമായി അനുഷ്ഠിക്കുക എന്നതാണ് കർമ്മം. ഇങ്ങനെ കമ്പനിയുടെ ഭാഗമായ ഓരോ ജോലിക്കാരനും ചോദ്യം ചെയ്യാതെ അച്ചടക്കത്തോടു കൂടി സന്തോഷകരമായ ജീവിതം നയിക്കണം എന്നതാണ് കമ്പനിയുടെ പ്രഖ്യാപിതനയം.

അധികാരത്തിന്റെ ജൈവാധികാര പ്രയോഗമായ സർവൈലൻസും ശരീര കേന്ദ്രിതമായ നിയന്ത്രണങ്ങളും നോവലിലുടനീളം വ്യക്തമാണ്. താൻ ഒരു രോഗത്തിന്റെ പിടിയിലാണെന്ന് കരുതുന്ന നായകനെ കമ്പനി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനത്തിനായി വിടുന്നു. പക്ഷേ, രണ്ടാമത്തെ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ റിപ്പോർട്ട് എന്നു കിട്ടണമെന്നതടക്കം കമ്പനി മുൻകൂട്ടി മനസ്സിലാക്കുന്നു. ആനന്ദ് എഴുതുന്നു: "കമ്പനിയിൽ വിവരങ്ങൾ പ്രവഹിക്കുന്ന പല ചാനലുകളുണ്ട്. അങ്ങനെയാണ് കമ്പനി അതിന്റെ പ്രവർത്തകരുടെ ആരോഗ്യത്തെയും ആവശ്യങ്ങളേയും വിശ്വാസത്തെയും ശ്രദ്ധിക്കുന്നത്". ഇത് ജൈവാധികാര പ്രയോഗരൂപമാണ്. കമ്പനി അതിന്റെ ജീവനക്കാരെ എപ്രകാരം നിരീക്ഷണവിധേയമാക്കുന്നു; അതിലൂടെ സർവൈലൻസ് എന്ന അധികാരപ്രയോഗം എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്നതിന് നിരവധി ഉദാഹരണങ്ങൾ നോവലിൽ നിന്നും ചൂണ്ടിക്കാട്ടാം. നായകനോടുള്ള പ്രൊഡക്ഷൻ മാനേജരുടെ ഉപദേശം ഈ അധികാരപ്രയോഗത്തെ, പരുവപ്പെടുത്തലിനെ ഓർമ്മിപ്പിക്കുന്നതാണ്. "നിങ്ങൾ കമ്പനിയുടെ ഒരു തൊഴിലാളിയാണ്. നിങ്ങളെ കാലാകാലങ്ങളിൽ പരിശോധിക്കുകയും, കഴപ്പങ്ങൾ തീർത്തു സൂക്ഷിക്കുകയും, ജോലിക്കു പറ്റുന്ന വിധത്തിലാക്കുകയും ചെയ്യേണ്ട കടമ കമ്പനിയുടേതാണ്" (പുറം 22). ഇതിലൂടെ വ്യക്തമാക്കുന്നത് കമ്പനിയുടെ സൂക്ഷ്മമായ അധികാരപ്രയോഗവും സർവൈലൻസ് തന്ത്രങ്ങളുമാണ്. എല്ലാ ആനുകൂല്യങ്ങളും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തുകൊണ്ട് വ്യക്തിയുടെ എല്ലാ സ്വകാര്യതകളിലേക്കും കടന്നു കയറുകയും ഒളിഞ്ഞു നോക്കുകയും അതിനനുസൃതമായി ഓരോന്നും കെട്ടിപ്പടുക്കുകയും ചെയ്യുന്നതാണ് ഇത്തരം അധികാരപ്രയോഗങ്ങളുടെ രീതി. 'ഈ ശരീരത്തെ പോഷിപ്പിച്ച് നിർത്തുന്നതു കമ്പനിയാണ്. ആ നിലയ്ക്ക് ഇത് എന്റേതെന്നതിനേക്കാൾ കൂടുതൽ കമ്പനിയുടെ മുതലാണ്' (പുറം 22) എന്ന യാൾ തിരിച്ചറിയുമ്പോൾ ശരീരത്തിന് മേൽ നടത്തപ്പെടുന്ന ജൈവാധികാര പ്രയോഗങ്ങൾ വായനക്കാരും തിരിച്ചറിയുന്നു. 'കമ്പനി അതിന്റെ തൊഴിലാളികൾക്ക് അപ്പൻ മാത്രമല്ല, മകനും മരുമകനും കൂടിയാണ്' (പുറം 25) തുടങ്ങിയ വിവരണങ്ങൾ കമ്പനിയുടെ സർവ്വാധിപത്യ സ്ഥിതിയുടെ സൂചനകളായി വായിക്കാം.

ഒരു യന്ത്രത്തിന്റെ സുഗമമായ പ്രവർത്തനം എന്നതുപോലെ, ഒരേ താളത്തിൽ കമ്പനിയിലെ ജീവനക്കാർ ഒത്തു ചേർന്ന ജോലി ചെയ്യുന്നു. കമ്പനി കൃത്യമായ വിഭജനങ്ങളിലൂടെ ഓരോരുത്തരുടെയും ജോലികൾ വിതരണം ചെയ്തിരിക്കുന്നു. ഒരാളുടെ ജോലി മറ്റൊരാൾ ചെയ്യേണ്ടതില്ല. ആർക്കും യാതൊരു പരാതികളുമില്ല. ഓംലെറ്റ് വേണോ? ഫ്രൈ വേണോ? തുടങ്ങിയ അയാളുടെ ഭാര്യയുടേതുപോലെ കഴപ്പിക്കുന്ന ചോദ്യങ്ങൾക്ക് അവിടെ സ്ഥാനമില്ല. തീർക്കാവുന്ന പ്രശ്നങ്ങളും വെല്ലുവിളികളും മാത്രമേ കമ്പനിയിലുള്ളൂ. ഇങ്ങനെ അച്ചടക്കപൂർത്തിയുള്ള, ചോദ്യം ചെയ്യാൻ തയ്യാറാകാത്ത ഒരു നിയന്ത്രണ (control) സമൂഹത്തെ സൃഷ്ടിക്കുകയാണ് അധികാരഘടനകൾ എവിടെയും നടപ്പിലാക്കുന്ന തന്ത്രം. അതിലൂടെ ചോദ്യം ചെയ്യപ്പെടാനാകാതെ അവരുടെ സർവ്വാധിപത്യം തുടർന്ന പോകുന്നു. ഇത്തരം ഒരു കമ്പനിയാണ് നോവലിൽ ചിത്രീകരിക്കപ്പെടുന്ന 'ജമ്നാദാസ് ആജ്മിരിയ ഇൻഡസ്ട്രീസ്'.

രണ്ട്

ജോലിസ്ഥലങ്ങൾ എല്ലാകാലങ്ങളിലും മേൽനോട്ടത്തിന / നിരീക്ഷണത്തിന വിധേയമാണ്. ആദ്യകാല മുതലാളിത്തത്തിൽ ഓഫീസുകളിലും ഫാക്ടറികളിലും ജോലി വികേന്ദ്രീകരണം നടപ്പാക്കിയത് ജോലിക്കാരെ നിരീക്ഷിക്കുന്നതിന വേണ്ടിയായിരുന്നു. ഓഫീസുകളിലോ, കടകളിലോ, ഫാക്ടറികളിലോ എവിടെയായാലും നിരീക്ഷണ സാമഗ്രികൾ / തന്ത്രങ്ങൾ നിയന്ത്രണങ്ങൾ എന്നിവ പണ്ടു മുതലേ തൊഴിലുമായി ഇഴ ചേർന്ന് നിൽക്കുന്നവയാണ്. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ ജോലിസ്ഥലങ്ങൾ നിരീക്ഷിക്കുന്ന രീതികളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടായി. ശാസ്ത്രസാങ്കേതികതയുടെ സഹായത്തോടെ ജോലിക്കാരെ നിയന്ത്രിച്ചു കൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സാധിച്ചു.


ഫ്രെഡറിക് വിൻസ്ലോ ടെയ്ലർ

ഈ ഉദ്യമത്തിന്റെ കേന്ദ്രത്തിൽ പ്രവർത്തിച്ചിരുന്ന എഞ്ചിനീയർമാരിൽ ഒരാളാണ് ഫ്രെഡറിക് വിൻസ്ലോ ടെയ്ലർ. ജോലിക്കാരുടെ ചലനങ്ങളും പ്രവർത്തികളും നിരീക്ഷിക്കുവാൻ സ്റ്റോപ്പ് വാച്ച് ഉപയോഗിക്കുകയും, അതിലൂടെ ആവർത്തന പ്രവർത്തികൾ ഏറ്റവും കാര്യക്ഷമമായി ചെയ്യാനുള്ള സാധ്യതകൾ പഠിച്ച് കണ്ടെത്തുകയും ചെയ്ത അദ്ദേഹം. ടെയ്ലറുടെ ക്രമീകരണത്തിൽ / രീതിയിൽ ഏറ്റവും പ്രധാനപ്പെട്ടത് ജോലിക്കാരുടെ പ്രവൃത്തികൾ ഘടകങ്ങളായി വിഭജിക്കുകയും, ഒരാൾ ഏറ്റവും നന്നായി ചെയ്യുന്ന ജോലി മാത്രം അയാളെ ഏൽപ്പിക്കുകയും, നന്നായി ജോലി ചെയ്യാത്തവരെയും, സ്ഥിരമായി വേഗതയിൽ ചെയ്യാത്തവരെയും അച്ചടക്കം പഠിപ്പിക്കുക എന്നതുമായിരുന്നു. ഈ പ്രവർത്തനങ്ങൾ 'ശാസ്ത്രീയമായ നടത്തിപ്പ്' എന്നും 'ടെയ്ലറിസം' എന്നും അറിയപ്പെടുന്നു.

ഇത്തരത്തിലുള്ള തൊഴിലിടങ്ങളിലെ സർവൈലൻസ് രൂപമാണ് 'ഉത്തരായന'ത്തിൽ ആനന്ദ് ചിത്രീകരിക്കുന്ന 'ഫാക്ടറി'യിൽ നിന്നും കണ്ടെടുക്കുവാൻ സാധിക്കുന്നത്. 'ഹസൻ മാസ്റ്റർ' എന്ന പാറ്റേൺമേക്കറുടെ ജോലി ചെയ്യുന്ന കഥാപാത്രം ഇതിനുദാഹരണമാണ്. തന്റെ പ്രവൃത്തിയിൽ / ജോലിയിൽ അതിവവൈദഗ്ധ്യം നേടിയവനാണ് അയാൾ. അയാൾ ജോലിയിൽ നിന്നും പിരിയാൻ സമയമായിരിക്കുന്നു. കമ്പനിയുടെ റെക്കോർഡുകളിൽ അയാൾക്ക് പതിനഞ്ചു വയസ്സു കുറച്ചുവെച്ച് കമ്പനി മാനേജ്മെന്റ് അയാളുടെ സേവനത്തിന്റെ പരമാവധി ഊറ്റിയെടുക്കുന്നു. ഇന്നയാൾ കമ്പനിയുടെ ആധിപത്യത്തിലേക്ക് സ്വയം പരുവപ്പെട്ടിരിക്കുന്നു. ഇപ്പോൾ മാനേജ്മെന്റ് അനുവദിച്ചാൽ സ്വയം വയസ്സു താഴ്ത്താൻ അയാൾ തയ്യാറാകും എന്ന് ആനന്ദ് എഴുതുന്നുണ്ട്. 'ഹസൻ മാസ്റ്റർ ഹസൻ മാസ്റ്ററല്ല, മറ്റുള്ളവർ നിർദ്ദേശിക്കുന്ന മാസ്റ്ററാണ് ഹസൻ. ഈ പാറ്റേൺ മേക്കിങ്ങിൽ നിന്ന പിരിഞ്ഞാൽ പിന്നെ അയാൾ ഒന്നമല്ലാതാകുന്നു ഈ സിംഫണിയില്ലാതെ അയാൾക്കു മറ്റൊരു ജീവിതമില്ല'. ഇങ്ങനെ അയാൾ സ്വയം രോഗാതുരനായി മാറും.

തൊഴിലാളികളെ ഒരു യന്ത്രത്തിനോട് താരതമ്യം ചെയ്യുന്ന രീതി, അതായത് ആവശ്യത്തിനുപയോഗിക്കുകയും ആവശ്യം കഴിഞ്ഞാൽ വലിച്ചെറിയുകയും ചെയ്യുന്ന, മനുഷ്യത്വം കെടുത്തുന്ന രീതിയിലുള്ള പ്രവണതകളാണ് ശാസ്ത്രീയമായ ഭരണസംവിധാനം ഉയർന്ന വരുമ്പോൾ നാം കാണുന്നത്. സ്റ്റോപ്പ് വാച്ചിന്റെ ഉപയോഗത്തെ തൊഴിലാളികൾ ശക്തമായി എതിർക്കുന്നു. കാരണം ഒരു മനുഷ്യന്റെ സാമാന്യമായ കഴിവിനപ്പുറത്തേക്ക് അവന്റെ ജോലിവേഗത വർദ്ധിപ്പിക്കുവാനുള്ള ഒരു ഉപകരണം മാത്രമാണത്. ഇത് താങ്ങാവുന്നതിനപ്പുറവും അടിമവേലയ്ക്കു തുല്യവുമാണ്. ഇത് അപകടങ്ങൾക്കും, ജോലിഭാരം വർദ്ധിപ്പിക്കുന്നതിനും താങ്ങാൻ കഴിയാത്ത രീതിയിലുള്ള ചൂഷണങ്ങൾക്കും കാരണമാകുന്നു. നോവലിലെ പല സന്ദർഭങ്ങളിലും ഇത് ആവർത്തിക്കുന്നത് കാണാം. അപകടങ്ങൾ അവിടെ പതിവാണ്. നായക കഥാപാത്രം പലപ്പോഴും ഇതിനെക്കുറിച്ച് ആകലപ്പെടുന്നുവെങ്കിലും അതൊക്കെ ശ്രദ്ധിക്കാൻ മറ്റാളുകളുണ്ടെന്നും തന്റെ ജോലി അതല്ലെന്നും മനസ്സിലാക്കി പിന്തിരിയുന്നു. കമ്പനിയുടെ നിരീക്ഷണമാണ് അയാളെ അതിൽ നിന്നും പിന്തിരിയുവാൻ പ്രേരിപ്പിക്കുന്നത്. കമ്പനി അതിന്റെ പ്രവർത്തനങ്ങളെല്ലാം കൃത്യമായ പ്രോഗ്രാം ചാർട്ടുകളിലൂടെ കിറുകൃത്യമായി മുന്നോട്ടു കൊണ്ടു പോകുന്നു. അണുവിട വ്യതിചലിക്കാതെ തൊഴിലാളികൾ അതിനെ മുന്നോട്ടു നയിക്കുന്നു. ഇങ്ങനെ പ്രൊഡക്ഷനും പ്രോഗ്രാമുകളുമായി കമ്പനി അതിന്റെ ജൈത്രയാത്ര തുടരുന്നു. "ഞാൻ, ഞങ്ങൾ, നമ്മൾ വളരുന്നു. നമുക്ക് വളർച്ചയേയുള്ളൂ. മാറ്റമില്ല. പരിണാമത്തിന്റെ വൃക്ഷത്തിലെ അവസാനത്തെ ഫലം, അവസാനത്തെ അനന്തരവകാശി. പരിഷ്കരണത്തെ ബഹിഷ്കരിക്കുന്ന പുരോഗതി" (പുറം. 35) എന്ന് നോവലിസ്റ്റ് ഈ വളർച്ചയെ അടയാളപ്പെടുത്തുന്നു.

> സ്കൂളുകൾ, ഫാക്ടറികൾ, പട്ടാളക്യാമ്പുകൾ, ആശുപത്രികൾ എന്നിവടങ്ങളിലെല്ലാം വ്യക്തികൾ അനസരണയുള്ള പ്രജകളാകുന്നത് ഈ ഭൗതികത്തിന്റെ ഇടപെടൽ മൂലമാണ്. മുഴവൻ സമയവും നിരീക്ഷണത്തിലാണെന്ന തോന്നൽ വ്യക്തിയിൽ സൃഷ്ടിച്ചാണ് ശിക്ഷണ സമൂഹത്തെ ഈ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുകയും പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നത്.

നായക കഥാപാത്രം ഈ വിധേയത്വത്തെ തിരിച്ചറിയുന്നു. ഓംകാർ പറഞ്ഞതിലും, പ്രൊഡക്ഷൻ മാനേജർ പറഞ്ഞതിലും അർത്ഥമുണ്ടെന്ന അയാൾ മനസ്സിലാക്കുന്നു. "എല്ലാവരും എല്ലാം അറിയാൻ തുടങ്ങിയാൽ എന്റെ കാസ്റ്റിങ് ഡിവിഷനിൽ നിന്ന് ഒരൊറ്റ കാസ്റ്റിങ് പുറത്തു വരില്ല. സ്ഥിരതയും ക്രമവും തെറ്റും. ചെയർമാന്റെ പിന്നിലെ ഒറ്റക്കെട്ടു കത്തഴിഞ്ഞു വീഴും. അതിനകത്തു കലാപവും വിപ്ലവും നടക്കും. നാം നമ്മുടെ കമ്പനിയുടെ ഉള്ളിലെ ശത്രുക്കളാകും. നാം യുദ്ധം ജയിക്കുകയില്ല" (പുറം 37).

തൊഴിലാളികളിൽ നിന്ന് കൂടുതൽ കൂടുതൽ പ്രതീക്ഷിച്ചുകൊണ്ട് വ്യത്യസ്തമായ ഭരണസംവിധാനങ്ങൾ ആവിഷ്കരിച്ചത് ടെയ്ലർ മാത്രമായിരുന്നില്ല. പുതിയ രീതികൾ മോട്ടോർ വ്യവസായ ശാഖയിൽ സൃഷ്ടിച്ച വ്യക്തിയാണ് ഹെന്റി ഫോർഡ്. ഇദ്ദ വഴി കൂടുതൽ ഉത്തരവാദിത്ത ബോധമുള്ള കുറേയേറെ തൊഴിലാളികളുടെ ശാഖയായി വളരാനും, ഖ്യാതിയെടുക്കാനും ഫോർഡിന്റെ മോട്ടോർ വാഹന വ്യവസായ കേന്ദ്രത്തിന് അധികസമയം വേണ്ടിവന്നില്ല. വേഗതയും ഉണ്ണിനിലവാരവും ലക്ഷ്യമാക്കി ഓരോ ജോലികളും ഓരോ വിഭാഗം ആളുകൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നു. പക്ഷേ, ഫോർഡിന്റെ മേൽനോട്ടം ഫാക്ടറിയുടെ മതിലുകളും കടന്ന് ജോലിക്കാരുടെ വീട്ടുകളിലേക്ക് വരെ എത്തിയിരുന്നുവെന്നത് മറ്റൊരു വസ്തുത. ഇത് ഇവിടെ സൂചിപ്പിക്കുവാൻ കാരണം ഇത്തരം ആശയങ്ങൾ പല ഭാഗത്തും തന്റെ നോവലിൽ ആനന്ദ് ആവർത്തിക്കുന്നുണ്ട്. റേഡിയോയും ലിഫ്റ്റും കേടുവരുന്ന സന്ദർഭത്തിൽ നായകന്റെ മകൻ അയാളോട് അവയുടെ പ്രവർത്തനരീതി കളെപ്പറ്റി ചോദിക്കുന്നു. എന്നാൽ അതിന ഉത്തരം നൽകുവാൻ അയാൾക്കു സാധിക്കുന്നില്ല. കാരണം അയാൾ ലിഫ്റ്റ് ടെക്നീഷ്യനോ, റേഡിയോ മെക്കാനിക്കോ അല്ല. കാസ്റ്റിങ് ഡിവിഷനിലെ എഞ്ചിനീയർ മാത്രമാണ്. തന്റെ അച്ഛൻ അയാളുടേതായ ഡിവിഷനുണ്ടായിരുന്നുവെന്നും തനിക്കും തന്റേതുണ്ടെന്നും, വളർന്ന വരുമ്പോൾ മകൻ മനസ്സിലാക്കുമെന്ന അയാൾ വിശ്വസിക്കുന്നു. തന്റേതല്ലാത്ത വിഷയങ്ങളിൽ സംശയങ്ങൾ ഉന്നയിക്കുന്നത് എത്ര അപഹാസ്യമാണെന്ന് അവൻ തിരിച്ചറിയുമെന്നും അയാൾക്കുറപ്പുണ്ട്.

കമ്പനിയുടെ പ്രസിദ്ധീകരണമായ 'ജെയ്ബുള്ളറ്റിൻ' സർവൈലൻസിന്റെ, കുടുംബത്തിനുള്ളിലേക്കും വ്യക്തിജീവിതത്തിലേക്കും ഉള്ള കടന്ന കയറ്റത്തിന്റെ അച്ചടി രൂപമാണ്. കമ്പനിയുടെ ഉത്പാദനം ഓരോ മാസവും എത്ര കണ്ട വർദ്ധിച്ചുവെന്നും, എത്ര തൊഴിലാളികൾക്ക് ഏതെല്ലാം ക്ഷേമകാര്യങ്ങൾ എത്തിച്ചുവെന്നും കളികളിലും മത്സരങ്ങളിലും കമ്പനിയുടെ ഏതെല്ലാം പ്രവർത്തകർക്ക് സമ്മാനം കിട്ടിയെന്നും അതിൽ കൃത്യമായി വരുന്നു. നാടകങ്ങളുടേയും കലാപരിപാടികളുടെയും വിവരണങ്ങളും ചിത്രങ്ങളും മാസികയ്ക്കു നിറം പകരുന്നു. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ക്രമമായ ശിക്ഷാനടപടികൾ ഒഴിവാക്കികൊണ്ട് ജൈവാധികാര പ്രയോഗങ്ങളിലൂടെ, ശിക്ഷണങ്ങളിലൂടെ കമ്പനി അതിന്റെ തൊഴിലാളികളെ അച്ചടക്കം പഠിപ്പിക്കുന്നു. തൊഴിലാളികളുടെ വീട്ടുകൾ സന്ദർശിക്കുകയും വീട്ടിലെ വരുമാനം, ഭക്ഷണരീതികൾ, ജീവിതസൗകര്യങ്ങൾ, സാമൂഹികമായ കാഴ്ചപ്പാട്, സദാചാരം എന്നിവയെക്കുറിച്ചെല്ലാം വിശദമായി അന്വേഷിക്കുകയും ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു. ജോലിക്കാരുടെ നടപ്പ്, സംസാരം, ലൈംഗിക താല്പര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി അവരുടെ സ്വഭാവത്തെ വിധിക്കുന്നവർ വിരളമല്ല. ഇതൊന്നും നിയമപരമല്ലെങ്കിൽപ്പോലും ഇത്തരം നടപടികൾ തുടർന്ന കൊണ്ടേയിരിക്കുന്നു. ജോലിയെ ഒരു തരത്തിലും ബാധിക്കാത്ത സാഹചര്യങ്ങളിൽപ്പോലും, തൊഴിലാളിയുടെ വ്യക്തിജീവിതത്തിലേക്കുള്ള കമ്പനിയുടെ കടന്നുകയറ്റം സർവ്വാധിപത്യ അധികാരപ്രയോഗത്തിന്റെ ബലതന്ത്രമാണെന്ന് പറയേണ്ടി വരും.


മിഷേൽ ഫൂക്കോ

നിയന്ത്രണ സമൂഹത്തിന്റെ (control society) ആശയാവലികളാണ് ഉത്തരായനത്തിൽ ആനന്ദ് അവതരിപ്പിക്കുന്ന കമ്പനി പിന്തുടരുന്നത്. ഫൂക്കോ പറയുന്ന ആശയങ്ങളുമായി ഇതിന് സവിശേഷമായ സാദൃശ്യം കാണാവുന്നതാണ്. 'അധികാരത്തിന്റെ സൂക്ഷ്മഭൗതികം' എന്ന ഫൂക്കോ പറയുന്നുണ്ട്. അധികാരശക്തി ആവശ്യപ്പെടുന്ന രീതിയിൽ പ്രതികരിക്കാൻ വ്യക്തി സ്വന്തം ശരീരത്തെ അനുശീലിപ്പിക്കുന്നതിന്റെ രീതികളും നിയമങ്ങളുമാണ് ഈ സൂക്ഷ്മഭൗതികം. സ്കൂളുകൾ, ഫാക്ടറികൾ, പട്ടാളക്യാമ്പുകൾ, ആശുപത്രികൾ എന്നിവടങ്ങളിലെല്ലാം വ്യക്തികൾ അനസരണയുള്ള പ്രജകളാകുന്നത് ഈ ഭൗതികത്തിന്റെ ഇടപെടൽ മൂലമാണ്. മുഴവൻ സമയവും നിരീക്ഷണത്തിലാണെന്ന തോന്നൽ വ്യക്തിയിൽ സൃഷ്ടിച്ചാണ് ശിക്ഷണ സമൂഹത്തെ ഈ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുകയും പുനരുല്പാദിപ്പിക്കുകയും ചെയ്യുന്നത്. ഉത്തരായനത്തിന്റെ ആഖ്യാനലോകത്തു നിന്നും നിരവധി ഉദാഹരണങ്ങൾ ഈ ആശയസ്ഥിരത്തിക്കായി കണ്ടെത്താൻ കഴിയുന്നു. ഡിവിഷനിൽ ഷിഫ്റ്റ് മാറ്റുന്ന സമയത്തെക്കുറിച്ച് നോവലിസ്റ്റ് വിവരിക്കുന്നു: "ഓരോരുടെ സ്ഥാനത്ത് വേറൊരാൾ വന്നുവെന്ന് തോന്നില്ല. ഒരാൾ മുഴമിപ്പിക്കാത്ത പണി വേറൊരാൾക്ക് മുഴമിപ്പിക്കാം. ഒരു അമരവിത്ത് പോലെ വേറൊരു അമരവിത്ത്. മാറ്റം ആവശ്യമില്ലാത്തവിധം പരിണാമം പൂർണ്ണതയിലെത്തിച്ച അവസാനഫലം. ഒരിടത്തും പിശക പറ്റുന്നില്ല. ആർക്കും വഴിതെറ്റുന്നില്ല" (പുറം 48).

മറ്റൊരു സന്ദർഭത്തിൽ പ്രൊഫസറെ കാണാൻ പോകുമ്പോൾ വഴി തെറ്റുന്ന നായകനെ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. പ്രൊഫസർ അയാളോട് പറയുന്നു: "വഴിതെറ്റാത്തവർ ചെയ്യുന്നത് കർത്തവ്യ പൂർത്തിക്കൽ മാത്രമാണ്. കർത്തവ്യം കൃത്യത്തിന്റെ മരണമാണ് കുട്ടീ". അതിനെപ്പറ്റി ചിന്തിച്ചു നിൽക്കുമ്പോൾ തന്നെ നായക കഥാപാത്രം ഭയപ്പെടുന്നു. കാരണം പ്രൊഡക്ഷൻ മാനേജരുടെ ടെന്നോ മറ്റോ വിവരമെത്തിയാൽ തന്റെ ജോലിയെ അത് ബാധിക്കുമെന്ന് അയാൾക്ക് അറിയാം. എല്ലാം കാണുകയും എല്ലാവരിലും കണ്ണുവെയ്ക്കുകയും ചെയ്യുന്ന കമ്പനി എന്ന് ആനന്ദ് എഴുതുമ്പോൾ സർവൈലൻസിന്റെയും അധികാരത്തിന്റെയും സൂക്ഷ്മഭൗതികം ഈ നോവലിൽ പ്രവർത്തിക്കുന്നത് നാം തിരിച്ചറിയുന്നു.

മൂന്ന്

അധികാരത്തിന്റെ സൂക്ഷ്മഭൗതികം പ്രവർത്തിക്കുന്ന ശിക്ഷണ സമൂഹമാണ് നിയമബദ്ധ വ്യക്തികളെ (normal people) ഉൽപ്പാദിപ്പിക്കുന്നത്. ഭരണാധികാരിയുടെ ഇച്ഛ സമൂഹം കരുതുന്ന രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിയമബദ്ധ വ്യക്തികളെയാണ് ഫൂക്കോ വ്യക്തിയെന്ന് വിളിക്കുന്നത്. അധികാരത്തിന്റെ സമഗ്രദർശിയായ കാവലിലൂടെയും സർവൈലൻസ് ശിക്ഷണങ്ങളിലൂടെയുമാണ് സമൂഹം വ്യക്തിയെ നിയമബദ്ധരാക്കുന്നത്. ഈയൊരവസ്ഥയെ ആനന്ദ് നോവലിൽ ചിത്രീകരിക്കുന്നത് വൃന്ദാവൻ എന്ന കഥാപാത്രത്തിന്റെ വാക്കുകളിലൂടെയാണ്: "മനുഷ്യന്റെ പ്രവർത്തികളെല്ലാം ഏതാണ്ട് മുന്നിനത്തിൽപ്പെടുന്നു. ഒന്നാമത് സ്വന്തം പ്രേരണയാൽ ചെയ്യുന്നത്. രണ്ടാമത് അനുകരിക്കുന്നത്. അവസാനമായി, അനുസരിക്കുന്നത്. വ്യാവസായിക തൊഴിലാളിയെ സംബന്ധിച്ചിടത്തോളം സ്വയം ചെയ്യുക എന്നതുപോലെ അനുകരണവും ഏകദേശം ഇല്ലാതായിരിക്കുന്നു. അനുസരണം മാത്രമാണ് അവശേഷിച്ചിട്ടുള്ളത്. എവിടെയായാലും..." (പുറം 51).

> അച്ചടക്കമില്ലാത്തവനെ, രോഗിയായി മുദ്രകുത്തി, നിയമബദ്ധനാക്കി പോലിപ്പിക്കുന്ന ഈ നിയന്ത്രിത സമൂഹത്തിന്റെ കടുംബരൂപമാണ് ആനന്ദ് തന്റെ ഭാവനയുടെ കത്തി വെയ്ക്കുന്നത്.

നോവലിന്റെ തുടക്കത്തിൽ കടന്ന വരുന്ന 'അക്കൗണ്ടന്റ് ബാബു' എന്ന കഥാപാത്രം നിയമബദ്ധവ്യക്തികൾക്ക് മികച്ച ഉദാഹരണമാണ്. നായകനുമായുള്ള സംസാരത്തിനിടയിൽ അയാൾ പറയുന്നു: "വാസ്തവം പറഞ്ഞാലുണ്ടല്ലോ, മനുഷ്യന് ആവശ്യം അച്ചടക്കമാണ്. ആദ്യം അച്ചടക്കം. പിന്നെ വേറെന്തും" (പുറം 15). പല സന്ദർഭങ്ങളിലും ജോലിയെപ്പറ്റി അയാൾ വിപ്ലവം പറയാതെ നിർവ്വികാരനായി കടന്നുപോകുന്ന നായകനെയാണ് കാണാൻ സാധിക്കുന്നത്. അയാളുടെ അക്കൗണ്ടന്റ് ബാബുവിനോടുള്ള പ്രതികരണം നോക്കുക: "അല്ലെങ്കിൽ നമുക്കെന്തു കുന്തമാണ് ഈ വക കാര്യങ്ങളിൽ? ഞാനൊരു എഞ്ചിനീയർ നിങ്ങളൊരു അക്കൗണ്ടന്റ്. നമുക്ക നമ്മുടെ ജോലികളില്ലാഞ്ഞിട്ടോ?" (പുറം 15). ഇത്തരത്തിൽ പ്രതികരിക്കുമ്പോഴും അയാളുടെ ഉള്ളിലെ രോഗാതുരമായ മനസ്സ് പിന്നീട് പല സന്ദർഭങ്ങളിലും വെളിപ്പെടുന്നുണ്ട്

അജീഷ് ജി. ദത്തൻ

കൊല്ലം ഇരവിപുരം വാളത്തുംഗൽ സ്വദേശി. കൊല്ലം ശ്രീനാരായണ കോളേജിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദം. കാലടി സംസ്കൃത സർവ്വകലാശാല മുഖ്യകേന്ദ്രത്തിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം. നിലവിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് മലയാള വിഭാഗത്തിൽ ഗവേഷകൻ. മികച്ച എം. എ. പ്രബന്ധത്തിനുള്ള മേരി ജ്യൂലിയറ്റ് എൻഡോവ്മെന്റ്, മലയാള മനോരമയും ബഹ്റൈൻ കേരളീയ സമാജവും സംയുക്തമായി നടത്തിയ ഒ. വി. വിജയൻ സ്മാരക പ്രബന്ധപുരസ്കാരം എന്നിവയ്ക്ക് അർഹനായിട്ടുണ്ട്.

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014